"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - ഡയറി, കലണ്ടർ, ദിനസ്മരണ, കോഫീ ടേബിൾ ബുക്ക് മുതലായവ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ. (സാധാ) നം.2204/2021/പൊഭവ തീയതി, തിരുവനന്തപുരം, 15.06.2021.

---

**ഉത്തരവ്**

ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ പ്രചുരപ്രചാരം നേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ തീരുമാനമെടുത്തതനുസരിച്ച് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സ്വന്തമായി മേലിൽ ഡയറി, കലണ്ടർ ദിനസ്മരണ, കോഫീ ടേബിൾ ബുക്കുകൾ തുടങ്ങിയവ അച്ചടിക്കാൻ പാടുള്ളതല്ല.

2) സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേഷനുകൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഡയറി, കലണ്ടർ, ദിനസ്മരണ മുതലായവ ഡിജിറ്റൽ (ഓൺലൈൻ/മൊബൈൽ) രൂപത്തിൽ പ്രസിദ്ധീകരിക്കാവുന്നതും, ജീവനക്കാർക്കും മറ്റുള്ളവർക്കും ലഭ്യമാക്കാവുന്നതുമാണ്.

3) സർക്കാർ ഡയറിയുടെ അച്ചടി വളരെ പരിമിതപ്പെടുത്തേണ്ടതും (ഡയറിയിൽ ഡെസിഗ്നേറ്റ് ചെയ്തിട്ടുള്ളവരുടെ എണ്ണത്തിനനുസരിച്ച്) സർക്കാർ കലണ്ടറിന്റെ അച്ചടി സർക്കാർ ഓഫീസുകളിലേയ്ക്കുള്ള ആവശ്യത്തിനു വേണ്ട എണ്ണം മാത്രമായി നിജപ്പെടുത്തേണ്ടതുമാണ്.

മേൽ ഉത്തരവുകൾ ഉടനെ പ്രാബല്യത്തിൽ വരുന്നതും ബന്ധപ്പെട്ട എല്ലാവരും കർശനമായി നടപ്പാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.വി.പി.ജോയ്**

**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ - 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി,
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ബന്ധപ്പെട്ട എല്ലാ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ